**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി കുമാർ ഐഎഎസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി(സ്കീം കോഡ് : KL 247) - പ്രോഗ്രാം ഓഫീസുകൾ, ഐ.സി.ഡി.എസ് പ്രോജക്റ്റുകൾ എന്നിവിടങ്ങളിലെ POL ചാർജ്ജ്, കരാർ വാഹന വാടക - 2025-26 സാമ്പത്തിക വർഷത്തെ ഒന്നാം ക്വാർട്ടറിലെ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. പത്തനംതിട്ട ജില്ല വനിത ശിശുവികസന ഓഫീസറുടെ 11.04.2025 ലെ DWCDPTA/A1-865/24 നമ്പർ കത്ത്.
2. ആലപ്പുഴ ജില്ല വനിത ശിശുവികസന ഓഫീസറുടെ 15.04.2025 ലെ DWCDO/347/2025-A1 നമ്പർ കത്ത്.
3. കോട്ടയം ജില്ല വനിത ശിശുവികസന ഓഫീസറുടെ 09.04.2025 ലെ DWCDO(K)/A/2396/25 നമ്പർ കത്ത്.
4. എറണാകുളം ജില്ല വനിത ശിശുവികസന ഓഫീസറുടെ 15.04.2025 ലെ DWCD/EKM/A6/1042/25 നമ്പർ കത്ത്.
5. തൃശ്ശൂർ ജില്ല വനിത ശിശുവികസന ഓഫീസറുടെ 07.04.2025 ലെ DWCDO/TSR/1307/2025 നമ്പർ കത്ത്.
6. പാലക്കാട് ജില്ല വനിത ശിശുവികസന ഓഫീസറുടെ 09.04.2025 ലെ DWCDO/PKD/1175/25 നമ്പർ കത്ത്.
7. മലപ്പുറം ജില്ല വനിത ശിശുവികസന ഓഫീസറുടെ 10.04.2025 ലെ DWCDO/MPM/43/2025-A നമ്പർ കത്ത്.
8. കോഴിക്കോട് ജില്ല വനിത ശിശുവികസന ഓഫീസറുടെ 11.04.2025 ലെ DWCDO/KKD/130/2025-A നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/2396/2025-ICDSA1 തീയതി: 28-04-2025**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി PFMS മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രോഗ്രാം ഓഫീസുകളിലും, എല്ലാ പ്രോജക്റ്റ് ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് അരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിച്ച് വരുന്നു.

2025-26 സാമ്പത്തിക വർഷം ആദ്യ ക്വാർട്ടറിൽ പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്റ്റുകൾക്കും ആവശ്യമായ POL ചാർജ്ജിനും, കരാർ വാഹന വാടകയ്ക്കുമായി ആകെ 62,08,600/- രൂപയുടെ (അറുപത്തിരണ്ട് ലക്ഷത്തി എണ്ണായിരത്തി അറുന്നൂറ് രൂപ മാത്രം) അലോട്ട്മെന്റ് അനുവദിക്കുന്നതിനായി പരമാർശം 1 മുതൽ 8 വരെ പ്രകാരം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ല വനിത ശിശുവികസന ഓഫീസർമാർ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | POL charge നായി ആവശ്യമുള്ള തുക | കരാർ വാഹന വാടകയ്ക്കായി ആവശ്യമുള്ള തുക | ആകെ ആവശ്യമുള്ള തുക |
|---|---|---|---|---|
| 1 | പത്തനംതിട്ട | 20000 | 530844 | 550844 |
| 2 | ആലപ്പുഴ | 0 | 199655 | 199655 |
| 3 | കോട്ടയം | 0 | 526248 | 526248 |
| 4 | എറണാകുളം | 0 | 759320 | 759320 |
| 5 | തൃശ്ശൂർ | 0 | 976660 | 976660 |
| 6 | പാലക്കാട് | 60000 | 658180 | 718180 |
| 7 | മലപ്പുറം | 0 | 1599129 | 1599129 |
| 8 | കോഴിക്കോട് | 0 | 878564 | 878564 |
| | ആകെ | 80,000/- | 61,28,600/- | 62,08,600/- |

ജില്ല വനിത ശിശുവികസന ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷം ആദ്യ ക്വാർട്ടറിൽ POL ചാർജ്ജിനത്തിൽ 80,000/- രൂപയും, കരാർ വാഹന വാടകയിനത്തിൽ 61,28,600/- രൂപയും ചേർത്ത് ആകെ 62,08,600/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി എണ്ണായിരത്തി അറുന്നൂറ് രൂപ മാത്രം) മേൽ പട്ടികയിൽ വിവരിക്കും പ്രകാരം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത ജില്ലകകളിലെ പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്ടുകൾക്കും POL ചാർ ജ്ജിനത്തിൽ 80,000/- രൂപയും, കരാർ വാഹന വാടകയിനത്തിൽ 61,28,600/- രൂപയും ചേർത്ത് ഒന്നാം ക്വാർട്ടറിൽ ആവശ്യമായ 62,08,600/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി എണ്ണായിരത്തി അറുന്നൂറ് രൂപ മാത്രം) വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതത് ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഈ തുക PFMS-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles /petrols, oil & lubricant of vehicles എന്ന കമ്പോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ല വനിത ശിശുവികസന ഓഫീസർമാർ അവരവരുടെ കീഴിലുള്ള പ്രോഗ്രാം ഓഫീസർമാർക്കും, ശിശുവികസന പദ്ധതി ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതും, തുക PFMS മുഖേന

ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ തുകയുടെ യു.സി, ചെലവ് വിവരം താമസംവിനാ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

ജില്ലാ വനിത ശിശുവികസന ഓഫീസർ
പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം,
തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്

പകർപ്പ് :

1. സൂപ്രണ്ട് എ സെക്ഷൻ
2. പ്രോഗ്രാം ഓഫീസർ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

Sindu

സൂപ്രണ്ട്